പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.326

28.1.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ വായ്പ

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വികലാംഗക്ഷേമ കോർപ്പറേഷൻ വായ്പനൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്; | (എ) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.എച്ച്.എഫ്.ഡി.സി.) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 2000 മുതലാണ് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചത്. |
| (ബി) 2016 മെയ് മാസം വരെ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട്; | (ബി) 2016 മെയ് മാസം വരെ 2035 പേർക്ക് സ്വയംതൊഴിൽ വായ്പയായി 2400.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് എത്ര തുക വായ്പ നല്കിയിട്ടുണ്ട്; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 443 പേർക്ക് സ്വയം തൊഴിൽ വായ്പയായി 1626.76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| (ഡി) പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ഡി) കേരളത്തിൽ സ്ഥിരതാമസക്കാരായ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ള 18 വയസ്സ് തികഞ്ഞവർക്കാണ് സ്വയംതൊഴിൽ വായ്പ അനുവദിച്ചു വരുന്നത്. മാനസിക വൈകല്യമുള്ള 14 വയസ് പൂർത്തിയായവരുടെ രക്ഷിതാക്കളുടെ പേരിലും സ്വയംതൊഴിൽ വായ്പ അനുവദിച്ചുവരുന്നുണ്ട് |
| (ഇ) സ്വയംതൊഴിൽ വായ്പ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഇ) സ്വയം തൊഴിൽ വായ്പ വ്യാപിപ്പിക്കുന്നതിനായി വായ്പാ മേളകളും, ഏകദിന ശില്പശാലകളും സംഘടിപ്പിക്കുകയും വ്യാപകമായ പ്രചാരണം നടത്തുകയും ചെയ്തു വരുന്നു. നിബന്ധനകൾക്കു വിധേയമായി സർക്കാർ ഒരു ലക്ഷം രൂപ വരെ സബ്സിഡിയായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ